പോലീസ് സ്റ്റേഷൻ ക്രൈം 40/04യു/ എസ് 377, 376 ഐ. പി. സി. ആന്റ് സെക്ഷൻ 3(1) (XII) ഓഫ് എസ്. സി. /എസ്. റ്റി. ആക്ട് അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതും തുടർന്ന് 10-11-2004 തീയതി റീ നംബർ ചെയ്ത് 439/സി. ആർ./04 പ്രകാരം സി. ബി. സി. ഐ. ഡി. ആലപ്പുഴ യൂണിറ്റ് അന്വേഷണം നടത്തി വരുന്നു.

(സി) ഇല്ല.

(ഡി) കേസ്സ് അന്വേഷണാവസ്ഥയിലാണ്. ലഭ്യമായ എല്ലാ തെളിവുകളും വിശകലനം നടത്തിയശേഷം പ്രതിയെ അറസ്റ്റ് ചെയ്യുന്നതാണ്.

(ഇ) പ്രസ്തുത കേസ്സ് സി.ബി.സി.ഐ.ഡി. ആലപ്പുഴ ഡിവൈ.എസ്.പി., റ്റി. ജയിംസ് അന്വേഷണം നടത്തുന്നു. എല്ലാ തെളിവുകളും വിശകലനം ചെയ്ത് വിശദമായ അന്വേഷണം തുടർന്നുവരുന്നു. കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടതായുണ്ട്.

**എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയുടെ ആത്മഹത്യയെക്കുറിച്ചുള്ള ജുഡീഷ്യൽ അന്വേഷണം**

27 [64] *ശ്രീ. വി. ചെന്താമരാക്ഷൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് രജനി എസ്. ആനന്ദ് എന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയുടെ ആത്മഹത്യയെക്കുറിച്ച് അന്വേഷിക്കുന്നതിന് ഈ സർക്കാർ പ്രഖ്യാപിച്ച ജുഡീഷ്യൽ അന്വേഷണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) അടൂർ ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിനി രജനി എസ്. ആനന്ദ് ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിക്കുകയും ഒരു സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കുവാൻ ചീഫ് ജസ്റ്റിസിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമാക്കുവാൻ ബുദ്ധിമുട്ടാണെന്ന് ചീഫ് ജസ്റ്റിസ് അറിയിച്ചതിനെത്തുടർന്ന് ഒരു റിട്ടയേർഡ് ജഡ്ജിയുടെ സേവനം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്മീഷന്റെ നിയമനത്തിനുശേഷം അന്വേഷണ വിഷയങ്ങൾ തീരുമാനിക്കുന്നതാണ്.

**മാധ്യമപ്രവർത്തകരെ ആക്രമിച്ചവർക്കെതിരെ നടപടി**

28 [87] *ശ്രീ. ജോണി നെല്ലൂർ :*

„ *ടി. എം. ജേക്കബ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 നവംബർ 1-ാം തീയതി കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിൽ മാധ്യമപ്രവർത്തകരെ ആക്രമിച്ചത് ആരാണ്; പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) അക്രമത്തിൽ പരിക്കേറ്റ മാധ്യമപ്രവർത്തകർ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതുസംബന്ധിച്ച് എ.ഡി.ജി.പി. നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

*ഉത്തരം*

(എ) കണ്ടാലറിയാവുന്ന മുപ്പതോളം ഐ.യു.എം.എൽ. പ്രവർത്തകരാണ് ആക്രമണം നടത്തിയിട്ടുള്ളത്. ഇതിൽ 19 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഏഷ്യാനെറ്റ് ക്യാമറാമാൻ കെ. പി. രമേഷ്, ഏഷ്യാനെറ്റ് റിപ്പോർട്ടർ ദീപ, ജന്മഭൂമി ഡെയ്‌ലി കോഴിക്കോട് ബ്യൂറോ ചീഫ് ദീപക് ധർമ്മടം, എൻ. ടി. വി. റിപ്പോർട്ടർ സജീവ് സി. വാര്യർ, എൻ. ടി. വി. ക്യാമറാമാൻ എം. സജീവ്, കൈരളി ടി.വി. ക്യാമറാമാൻ കെ. ഷൈലേഷ്, കേരള ശബ്ദം റിപ്പോർട്ടർ പ്രദീപ്, ഇൻഡ്യാവിഷൻ റിപ്പോർട്ടർ ചെന്നാമ്പള്ളി ഉണ്ണികൃഷ്ണൻ, ഇൻഡ്യാവിഷൻ ക്യാമറാമാൻ ബിജു മുരളീധരൻ, ഇൻഡ്യൻ എക്സ്പ്രസ് ഫോട്ടോഗ്രാഫർ എൻ. പി. ജയൻ, ജീവൻ ടി. വി. ഫോട്ടോ ഗ്രാഫർ കർത്താറ്റൽ സുരേഷ് എന്നിവർക്കാണ് പരിക്കേറ്റത്.

(സി) നവംബർ ഒന്നാം തീയതി കരിപ്പൂർ വിമാനത്താവളത്തിൽ മന്ത്രിയെ സ്വീകരിക്കുന്നതിനും അനുഭാവം അറിയിക്കുന്നതിനും ധാരാളംപേർ എത്തുമെന്ന് അറിയാമായിരുന്നതാണ്. മാധ്യമപ്രവർത്തകർക്കുനേരെ ഉണ്ടായേക്കാവുന്ന ആക്രമണം മുന്നിൽ കണ്ട് ആവശ്യമായ നടപടി പോലീസ് സുപ്രണ്ട് സ്വീകരിക്കേണ്ടതായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ ഏർപ്പെടുത്തിയിരുന്ന സുരക്ഷാസംവിധാനവും മേൽനോട്ടവും തൃപ്തികരമായിരുന്നില്ല എന്നാണ് റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly